പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3163 | 10.12.2018 ൽ മറുപടിക്ക്

**റെയിൽ പദ്ധതികൾ**

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

(എ) എഴുപത് വർഷത്തിലേറെയായി ആവശ്യമായി നിലനിൽക്കുന്നതും, കേരളത്തിന് പൊതുവെയും മലബാർ പ്രദേശത്തിന് പ്രത്യേകിച്ചും വലിയ ഗുണം ചെയ്യാവുന്നതുമായ തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

മറുപടി

ശ്രീ. ജി.സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) 24.11.2016 ലെ സ.ഉ(കൈ)നം. 71/2016/ഗതാ ഉത്തരവ് പ്രകാരം തലശ്ശേരി - മൈസൂർ റെയിൽ പാതയുടെ സാധ്യതാ പഠനം നടത്തുന്നതിലേക്കായി ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ നിയമിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരിയിൽ നിന്നും മാനന്തവാടി വഴി മൈസൂരിലേക്കുള്ള പാതയുടെ പ്രാരംഭ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഭീമമായ പദ്ധതി ചിലവിനു പുറമെ 192 കി.മീ ദൈർഘ്യമുള്ള പാതയുടെ 68.50 കി.മീ ദൈർഘ്യം വനത്തിലൂടെ കടന്നുപോകുന്നതിനാലും (ഇതിൽ 11.05 കി.മീ നാഗർഹോള കടുവാ സങ്കേതത്തിലൂടെയാണ് കടന്നു പോകുന്നത്) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ സാധ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ തുടർ നടപടികൾ സംസ്ഥാന റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. ഡി.പി.ആർ തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെയാണ് നിയോഗിച്ചിരിക്കുന്നത്. സംസ്ഥാനത്തിലൂടെയുള്ള പഠനം നടന്നുവരുന്നു. എന്നാൽ കർണ്ണാട സംസ്ഥാനത്തെ കൂർഗ് ജില്ലയിൽ ജനങ്ങളുടെ എതിർപ്പ് കാരണം പഠനം നടത്തുവാൻ കർണ്ണാടക സർക്കാർ അനുമതി നൽകിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഇരു സർക്കാരുകളും സംയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ചീഫ് സെക്രട്ടറിതല മീറ്റിംഗ് നടത്തുവാൻ സംസ്ഥാന സർക്കാർ കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | കാഞ്ഞങ്ങാട് - പാണത്തൂർ റെയിൽപാത, നഞ്ചൻകോട് റെയിൽപാത എന്നീ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (ബി) നിലമ്പൂർ - നഞ്ചൻകോട് റെയിൽപാത പദ്ധതിയുടെ ഡി.പി.ആർ സംസ്ഥാന സർക്കാരിന്റെ ചിലവിൽ തയ്യാറാക്കുന്നതിലേക്കായി ഡി.എം.ആർ.സിക്ക് അനുമതി നൽകിയിരുന്നുവെങ്കിലും ഡി.പി.ആർ സമർപ്പിച്ചില്ല. ഈ സാഹചര്യത്തിൽ പ്രാഥമിക പഠനം നടത്തുന്നതിലേക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരള - കർണ്ണാടക സർക്കാരുകളുടെ തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.<br>കാഞ്ഞങ്ങാട് - പാണത്തൂർ റെയിൽപാതയുടെ കേരള സംസ്ഥാനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ഇതിന്മേലുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. റെയിൽവേയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ മൂന്ന് പദ്ധതികളും എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) ഈ പദ്ധതികൾക്കാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ